**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 340** **18-07-2022 - ൽ മറുപടിയ്ക്ക്**

**ഇൻവെസ്റ്റ് കേരള ഹെൽപ്പ് ഡെസ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ ,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൊവിഡ് തളർത്തിയ വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും പുതിയ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി ഈ സർക്കാർ അധികാരത്തിൽ എത്തിയതിനുശേഷം ഇതുവരെ പുതുതായി എത്ര സംരംഭങ്ങൾ ആരംഭിച്ചുവെന്ന് അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ എത്തിയതിനുശേഷം ഇതുവരെയുള്ള കണക്കുകൾ പ്രകാരം പുതുതായി 49705 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഇടത്തരം, ചെറുകിട, സൂക്ഷ്മ വ്യവസായ സംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഉപദേശം നൽകുന്നതിനുമായി എം.എസ്.എം.ഇ. ക്ലിനിക് ആരംഭിച്ചിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനത്തെക്കുറിച്ച് വിശദമാക്കാമോ; | (ബി) | സംരംഭകരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനുമായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സംവിധാനമാണ് എം. എസ്. എം. ഇ ക്ലിനിക്കുകൾ. ഇതിനായി വിവിധ മേഖലകളിൽ പ്രാഗൽഭ്യം തെളിയിച്ചതും സംരംഭകരുടെ സംശയങ്ങൾ ദൂരീകരിക്കാൻ പ്രാപ്തരായവരുമായ വിദഗ്ധരുടെ ഒരു പാനൽ ഓരോ ജില്ലയിലും ക്രമീകരിക്കുന്നു. വിവിധ സംശയങ്ങളുമായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ എത്തുന്ന സംരംഭകർക്ക് സംശയം ദൂരീകരിക്കുന്നതിന് ഏറ്റവും അനുയോജ്യനായ പാനലിസ്റ്റുമായുള്ള കൂടികാഴ്ചയ്ക്കും സംശയദൂരീകരണത്തിനും ജില്ലാ വ്യവസായ കേന്ദ്രം മുഖാന്തരം സൗകര്യം ചെയ്തു കൊടുക്കുന്നതാണ്. ഒരു പാനലിസ്റ്റിന്റെ സേവനം തൃപ്തികരമല്ലെങ്കിൽ അതേ വിഷയത്തിലെ മറ്റൊരു പാനലിസ്റ്റുമായി സംവദിക്കാൻ ഉള്ള അവസരം സംരംഭകന് ഉണ്ടായിരിക്കുന്നതാണ്. കൂടാതെ സംരംഭകരുടെ ഫീഡ്ബാക്ക് സ്വീകരിച്ച് പാനലിസ്റ്റുകളുടെ പ്രകടനം വിലയിരുത്തുന്നതിനുള്ള സൗകര്യവും ലഭ്യമാണ്. ബാങ്കിങ്, ലൈസൻസുകളും അനുമതികളും, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, കയറ്റുമതി, ജിഎസ്റ്റി, നിയമം, മാർക്കറ്റിംഗ്, |

| | | | |
|---|---|---|---|
| | | | സാങ്കേതിക വിദ്യ എന്നീ വിഷയങ്ങളിലാണ് നിലവിൽ പാനൽ രൂപീകരിച്ചിട്ടുള്ളത്. |
| (സി) | ഇൻവെസ്റ്റ് കേരള ഹെൽപ്പ് ഡെസ്കിന്റെ ഉദ്ദേശ്യങ്ങളും പ്രവർത്തന രീതിയും വ്യക്തമാക്കാമോ? | (സി) | വ്യവസായ സംരംഭങ്ങൾക്ക് വേണ്ട അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് സഹായിക്കുന്ന ഓൺലൈൻ ഏകജാലക സംവിധാനം കെ-സ്വിഫ്റ്റ്, 2019 ഫെബ്രുവരിയിൽ നിലവിൽ വന്നു. നിലവിൽ 21 വിവിധ വകുപ്പുകളുടെ 79 അനുമതികളും ലൈസൻസുകളും ഈ സംവിധാനം വഴി സംരംഭകന് ലഭ്യമാകുന്നു. ഇതിന്റെ ഭാഗമായി വ്യവസായികൾക്കുള്ള വിവിധ സംശയങ്ങളും ആകുലതകളും ദൂരീകരിക്കുന്നതിന് വ്യവസായ വകുപ്പിന് കീഴിൽ ഒരു പ്രത്യേക കോൾ സെന്റർ പ്രവർത്തിച്ചു വരുന്നു. "1800 890 1030" എന്ന ടോൾ-ഫ്രീ നമ്പറോടുകൂടിയ പ്രസ്തുത കോൾ സെന്റർ 'ഇൻവെസ്റ്റ് കേരള ഹെൽപ് ഡെസ്ക്' എന്നാണ് അറിയപ്പെടുന്നത്. ഈ കോൾ സെന്റർ ഹെൽപ് ഡെസ്ക് നിലവിൽ രാവിലെ എട്ട് മണി മുതൽ രാത്രി എട്ട് മണി വരെ പ്രവർത്തനനിരതമാണ്. വിവിധ നിയമങ്ങളെയും, ചട്ടങ്ങളേയും, നിയന്ത്രണങ്ങളെയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കൽ, വ്യവസായികൾ, സംരംഭകർ മുതലായവരുടെ സംശയങ്ങളും നിർദ്ദേശങ്ങളും റെക്കോഡ് ചെയ്യും മറ്റു വിധേനയും അതതു വകുപ്പിലെ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തൽ; സംരംഭങ്ങൾക്കാവശ്യമായ വിവിധ ലൈസൻസുകൾ, പെർമിറ്റുകൾ, ക്ലിയറൻസുകൾ മുതലായവയെ പറ്റിയുള്ള കൃത്യമായ വിവരങ്ങൾ നൽകൽ; നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററുമായി (NIC) സഹകരിച്ച് കെ-സ്വിഫ്റ്റ് ഓൺലൈൻ ഏകജാലക സംവിധാനത്തെപറ്റിയുള്ള വിവരങ്ങളും അതിലൂടെ അപേക്ഷകൾ സമർപ്പിക്കുമ്പോളുണ്ടായേക്കാവുന്ന സംശയങ്ങളും ദൂരീകരിക്കൽ; വ്യവസായ വിജ്ഞാന ശേഖരമായ 'ഇൻവെസ്റ്റ് കേരള' എന്ന വെബ്പോർട്ടൽ വഴി നിക്ഷേപകർക്കാവശ്യമായ വിവരങ്ങൾ ലഭ്യമാക്കൽ; സംരംഭകർക്ക് വിവിധ സർക്കാർ ഏജൻസികൾ ലഭ്യമാക്കുന്ന വായ്പകളെ കുറിച്ചുള്ള അവബോധം നൽകൽ, വ്യവസായം ആരംഭിക്കുന്നതിനുവേണ്ട ഭൂമി മറ്റു അടിസ്ഥാന സൗകര്യങ്ങൾ മുതലായവയെപറ്റിയുള്ള വിവരം ലഭ്യമാക്കൽ എന്നിവയാണ് പ്രസ്തുത ഹെൽപ് ഡെസ്കിന്റെ മുഖ്യ ചുമതലകൾ. |

സെക്ഷൻ ഓഫീസർ